# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3724

20.07.2015 ൽ മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജുമെന്റുകളുമായുള്ള വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജെയിംസ് മാത്യു**<br>**ശ്രീ .എം. ഹംസ**<br>**ഡോ .കെ.ടി. ജലീൽ**<br>**ശ്രീ. പുരുഷൻ കടലുണ്ടി** | **ശ്രീ. പി.കെ. അബ്ദുറബ്ബ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) ഈ അദ്ധ്യയന വർഷം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജുമെന്റുകളുമായി ഒപ്പുവെച്ച കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | എ) സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജുമെന്റുകളുമായി ഫീസ് സംബന്ധിച്ച് ഒപ്പുവെച്ചിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| ബി) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടുന്നതിന് നേരത്തെയുണ്ടായിരുന്ന എന്തെല്ലാം വ്യവസ്ഥകളിലാണ് ഇളവ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; യോഗ്യത മാർക്കിൽ ഇളവ് നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ; | ബി) സ്വകാര്യ സ്വാശ്രയ / സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജുമെന്റ് സീറ്റുകളിലെ പ്രവേശനത്തിന് എ.ഐ.സി.ടി.ഇ (AICTE) നിഷ്കർഷിക്കുന്ന പ്രകാരം യോഗ്യത മാർക്കിൽ മാറ്റം വരുത്തിയിട്ടുണ്ട്. 04.06.2015 ലെ ജി.ഒ (എം.എസ്) നം. 236/2015/ഉ.വി.വ , 07.07.2015 ലെ ജി.ഒ (എം.എസ്) നം. 392/2015/ഉ.വി.വ നമ്പർ ഉത്തരവുകൾ പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേയും സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുമുള്ള പ്രവേശനത്തിന് യോഗ്യതാ പരീക്ഷയിൽ നേടേണ്ട കുറഞ്ഞമാർക്ക് കണക്ക് , ഫിസിക്സ് , കെമസ്ട്രി എന്നിവയ്ക്ക് മൊത്തത്തിൽ 45% ആയി നിജപ്പെടുത്തിയിട്ടുണ്ട് . ഇത് എ.ഐ.സി.ടി.ഇ (AICTE) അംഗീകരിച്ച മാനദണ്ഡമാണ് . |
| സി) യോഗ്യത മാർക്ക് സംബന്ധിച്ച മുൻവർഷങ്ങളിലെ വ്യവസ്ഥകൾ എന്തായിരുന്നു ; | സി) 2014 ൽ എഞ്ചിനീയറിംഗ് കോഴ്സകളിലേയ്ക്ക് യോഗ്യത മാർക്ക് മാത്തമാറ്റിക്സിന് മാത്രം |

50 ശതമാനവും മാത്തമാറ്റിക്സ് ,ഫിസിക്സ് ,കെമിസ്ട്രി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനവും മാർക്ക് ആയിരുന്നു . എന്നാൽ മാത്തമാറ്റിക്സിന് 45 % മാർക്ക് നേടിയ വിദ്യാർത്ഥികൾ ഫിസിക്സ് , കെമസ്ട്രി എന്നീ വിഷയങ്ങളിൽ മൊത്തം 60% മാർക്ക് നേടിയിട്ടുണ്ടെങ്കിൽ അത്തരം വിദ്യാർത്ഥികളും എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് അഡ്മിഷന് അർഹരാണ്.

| | | | |
|---|---|---|---|
| ഡി) | പുതിയ കരാർ പ്രകാരം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനം നേടാത്ത മെരിറ്റ് സീറ്റുകളിൽ യോഗ്യതയിൽ ഇളവ് നൽകിയവർക്ക് പ്രവേശനം നൽകാൻ വ്യവസ്ഥയുണ്ടോ ; വിശദമാക്കാമോ ; | ഡി) | ഉണ്ട്. അവസാന അലോട്ട്മെന്റിന്ശേഷം ഒഴിവ് വരുന്ന മെറിറ്റ് സീറ്റുകൾ അതാത് മാനേജുമെന്റുകൾക്ക് നികത്താവുന്നതാണ്. |
| ഇ) | സ്വാശ്രയ മാനേജുമെന്റുകളുടെ എന്തെല്ലാം ആവശ്യങ്ങളിലാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | ഇ) | എ.ഐ.സി.ടി.ഇ (AICTE) അംഗീകരിച്ച മാനദണ്ഡപ്രകാരമാണ് സ്വകാര്യ സ്വാശ്രയ / സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുള്ള പ്രവേശനത്തിൽ യോഗ്യതമാർക്കിൽ മാററം വരുത്തിയത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്